പത്രക്കുറിപ്പ് **(23.07.2024)**
ഫോക്കസ് വിഭാഗത്തിൽ വിഖ്യാത നടി
ലിവ് ഉൾമാന്റെ ജീവിതരേഖകൾ

ചലച്ചിത്രാചാര്യൻ ഇംഗ്മർ ബെർഗ്മാന്റെ നിരവധി ചിത്രങ്ങളിലൂടെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയയായ നോർവീജിയൻ നടി ലിവ് ഉൾമാന്റെ ജീവിതം പകർത്തിയ രണ്ടു ഡോക്യുമെന്ററികൾ 16ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയിൽ പ്രദർശിപ്പിക്കും. ധീരജ് അകോൽക്കർ സംവിധാനം ചെയ്ത 'ലിവ് ആന്റ് ഇംഗ്മർ പെയിൻഫുള്ളി കണക്റ്റഡ്', ലിവ് ഉൾമാൻ : എ റോഡ് ലെസ് ട്രാവൽഡ് എന്നിവയാണ് അവ.

76ാമത് കാൻ മേളയിൽ ആദ്യപ്രദർശനം നടത്തിയ ചിത്രമാണ് 'ലിവ് ഉൾമാൻ : എ റോഡ് ലെസ് ട്രാവൽഡ്'. ഉൾമാന്റെ 66 വർഷത്തെ അന്താരാഷ്ട്രതലത്തിലെ ചലച്ചിത്രജീവിതം ഇതിൽ അനാവരണം ചെയ്യപ്പെടുന്നു. സഹപ്രവർത്തകരായിരുന്ന കേറ്റ് ബ്ളാഞ്ചറ്റ് ഉൾപ്പെടെയുള്ള നിരവധി വ്യക്തികളിലൂടെ ഈ ഐതിഹാസിക നടിയുടെ സംഭാവനകൾ അടയാളപ്പെടുത്തുകയാണ് ഈ ചിത്രം. പുരുഷാധിപത്യലോകത്ത് സ്വന്തം ഇരിപ്പിടമുറപ്പിച്ച ഒരു സ്ത്രീയുടെ അസാമാന്യവ്യക്തിത്വത്തിന്റെ ദൃശ്യരേഖ കൂടിയാണ് ഇത്. 15 വർഷത്തോളം ലിവ് ഉൾമാന്റെ കൂടെ സഞ്ചരിച്ചാണ് ധീരജ് ഈ ഡോക്യുമെന്ററി ഒരുക്കിയിരിക്കുന്നത്.

'ലിവ് ആന്റ് ഇംഗ്മർ പെയിൻഫുള്ളി കണക്റ്റഡ്' സംവിധായകൻ ഇംഗ്മർ ബെർഗ്മാനും ലിവ് ഉൾമാനും തമ്മിലുള്ള അസാധാരണമായ ഹൃദയബന്ധത്തിന്റെ കഥയാണ്. ഒരു പ്രണയകഥ എന്നാണ് സംവിധായകൻ ചിത്രത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. 42 വർഷത്തെ ആത്മബന്ധം ഇരുവരും തമ്മിലുണ്ടായിരുന്നു. ഈ കാലയളവിൽ ഒരുമിച്ച് ചെയ്തത് 12 സിനിമകൾ. ബർഗ്മാൻ എഴുതിയ പ്രണയലേഖനങ്ങൾ, സിനിമകളിലെ ദൃശ്യങ്ങൾ, പഴയകാല ഫോട്ടോകൾ, ഉൾമാന്റെ 'ചേഞ്ചിംഗ്' എന്ന പുസ്തകത്തിലെ ഖണ്ഡികകൾ എന്നിവയിലൂടെ സഞ്ചരിക്കുന്ന ഈ ഡോക്യുമെന്ററി, രണ്ട് ലോകോത്തര കലാകാരർക്കുള്ള സ്നേഹനിർഭരമായ ആദരവ് കൂടിയാണ്. ഓസ്കർ പുരസ്കാര ജേതാവ് റസൂൽ പൂക്കുട്ടിയാണ് ചിത്രത്തിന്റെ ശബ്ദരൂപകൽപ്പന നിർവഹിച്ചിരിക്കുന്നത്.

റസൂൽ പൂക്കുട്ടിയുമായി
ഒരു ശബ്ദസംഗമം
16ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയുടെ ഭാഗമായി ഓസ്കർ പുരസ്കാര ജേതാവ് റസൂൽ പൂക്കുട്ടി നയിക്കുന്ന 'എ സോണിക് ലാൻഡ് സ്കേപ്പ്: എ സെഷൻ വിത്ത് റസൂൽ പൂക്കുട്ടി' എന്ന പരിപാടി ഉണ്ടായിരിക്കും. ജൂലൈ 28 ഞായറാഴ്ച വൈകിട്ട് 3.30ന് ഹോട്ടൽ ഹൊറൈസണിലെ ഗാലക്സി ഹാളിലാണ് ഈ സെഷൻ സംഘടിപ്പിച്ചിരിക്കുന്നത്.

**PRESS RELEASE (23.07.2024)**

## Two documentaries exploring legendary actor Liv Ullmann’s life to be screened at IDSFFK

The 16th International Documentary and Short Film Festival of Kerala (IDSFFK) 2024, which will be held from July 26 to 31, will have a special section titled ‘A Road Less Travelled: Portrait of Liv Ullman’, showcasing two documentaries on the legendary Norwegian actor and director. The films, directed by UK-based filmmaker Dheeraj Akolkar, are affectionate homages to the actor’s life and her long-term relationship and collaborations with master filmmaker Ingmar Bergman.

‘Liv Ullmann - A Road Less Travelled’ premiered at the 76th Cannes film festival in 2023, which in a way brought to peak Akolkar’s long journey that started by chancing upon Ullmann’s

autobiography which inspired him to write and send a poem to her in 2007. Five years later, this resulted in his first feature documentary, ‘Liv & Ingmar’, on the celebrated couple. It took another decade of deepening friendship with the actor for Akolkar to portray her multifaceted life and career in the second film, which took the duo to Cannes. Both these films will be screened at IDSFFK.

‘Liv & Ingmar’, which released in 2012, is told entirely from Liv’s point of view and is constructed as a collage of images and sounds from the timeless Ullmann-Bergman films. It makes use of behind-the-scenes footage, photographs, passages from her book ‘Changing’, and Ingmar’s love letters to Liv to build a candid and humane homage to two of the greatest artists of our time. As the layers unravel, Akolkar’s film depicts the universal and genuine bond between a man and a woman who were destined to remain connected in life. The film was screened in several international film festivals, including those in Chicago, New York and Mumbai in 2012. Padmashree awardee Resul Pookutty designed the sound for the film, which was produced by Rune H. Trondsen and edited by Tushar Ghogale.

It was after Akolkar further developed his relationship with Ullmann for over 10 years, travelling with her and observing her interactions with others, that he crafted his second filmic portrait of the now 85-year-old actor. In ‘Liv Ullmann - A Road Less Travelled’, we meet some of Liv’s closest collaborators in her extraordinary career spanning 66 years. Through this, we come to understand a constantly-evolving human being who embraces possibilities and uncertainties and demonstrates what it means to be a woman in a male-dominated world without losing her authentic voice.
Dheeraj Akolkar is an award-winning writer, director and producer and the founder of Vardo Films in London. After graduating with a gold medal in architecture from Pune University, Akolkar worked in several renowned Bollywood films such as Lagaan, Devdas and Black. Apart from his films on Ullmann, his filmography includes ‘Jyotirgamaya: Lead Me to the Light’ (2005), ‘Whatever!’ (2006), ‘Let the Scream Be Heard’ (2013), ‘Wars Don’t End’ (2018), ‘Happiness’ (2019), ‘The Wound Is Where the Light Enters’ (2022), and ‘The Other Side of Silence’, which is currently in production. He is the associate director of an independent film festival in London called Bombay Mix and has founded Grassroots Stories which specialises in making films for social change.

**A session with Resul Pookutty**

As part of the 16th IDSFFK, reputed award-winning sound designer Resul Pookutty will be interacting with film lovers at a special event. Titled ‘A Sonic Landscape: A Session with Resul Pookutty’, the event will be held at 3.30 pm on July 28 at the Galaxy Hall, Hotel Horizon, Thampanoor.

**പത്രക്കുറിപ്പ് (23.07.2024)**
**ഐ.ഡി.എസ്.എഫ്.എഫ്.കെ:**
**ഹോമേജ് വിഭാഗത്തിൽ 8 ചിത്രങ്ങൾ**

മൺമറഞ്ഞ ചലച്ചിത്രപ്രവർത്തകർക്ക് സ്മരണാഞ്ജലിയർപ്പിക്കുന്ന ഹോമേജ് വിഭാഗത്തിൽ എട്ട് സിനിമകൾ പ്രദർശിപ്പിക്കും. ഇന്ത്യൻ നവതരംഗ സിനിമയുടെ മുൻനിരക്കാരനായിരുന്ന കുമാർ ശഹാനി, എമ്മി അവാർഡ് ജേതാവും ചലച്ചിത്രകാരിയും മാധ്യമപ്രവർത്തകയുമായിരുന്ന ശ്രീയങ്ക റായ്, ശബ്ദലേഖകനും മിശ്രകനുമായിരുന്ന എ.എം. പത്മനാഭൻ, ഫിലിം സൊസൈറ്റി പ്രവർത്തകനും ചലച്ചിത്രനിരൂപകനും പത്രാധിപരുമായിരുന്ന ചെലവൂർ വേണു എന്നിവർക്കുള്ള ആദരവായാണ് ഈ വിഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒഡീസി നൃത്താചാര്യൻ ഗുരു കേളുചരൺ മഹപാത്രയെക്കുറിച്ചുള്ള ആത്മീയത നിറഞ്ഞു നിൽക്കുന്ന  ഡോക്യുമെന്ററി 'ഭവന്തരണ', പുല്ലാങ്കുഴലിന് ഇന്ത്യയുടെ സാംസ്കാരിക ചരിത്രത്തിലുള്ള പ്രാധാന്യം വിളിച്ചോതുന്ന ഡോക്യുമെന്ററി 'ബാംബൂ ഫ്ലൂട്ട് ', 1966-ല് നിർമ്മിച്ച  ഹ്രസ്വചിത്രം' ദ ഗ്ലാസ് പെയ്ൻ', 1967-ല് നിർമ്മിച്ച ഹ്രസ്വചിത്രം 'മൻമാദ് പാസഞ്ചർ' എന്നീ നാല് ചിത്രങ്ങളാണ് കുമാർ ശഹാനിയുടേതായി പ്രദർശിപ്പിക്കുന്നത് . ഇവയിൽ ദ ഗ്ലാസ് പെയ്ൻ', മൻമദ് പാസഞ്ചർ എന്നിവ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ദേഹം ഋത്വിക് ഘട്ടക്കിന്റെ വിദ്യാർത്ഥിയായിരിക്കുന്ന കാലത്ത് ചെയ്ത ആദ്യകാല ചിത്രങ്ങളാണ്. മികച്ച ജീവചരിത്ര ഡോക്യുമെന്ററിക്കുള്ള ദേശീയപുരസ്കാരം നേടിയ ചിത്രമാണ് 'ഭവന്തരണ'.
ഇന്ത്യയിലെ ഏറ്റവും മികച്ച ശബ്ദലേഖകരിലൊരാളായ എ. എം. പത്മനാഭൻ ശബ്ദ മിശ്രണം നിർവഹിച്ച 'ഇലവൻ മൈൽസ് ' , 'മെമ്മറീസ് ഓഫ് മിൽക്ക് സിറ്റി' എന്നീ ഡോക്യുമെന്ററികൾ സംവിധാനം ചെയ്തത് രുചിർ ജോഷിയാണ്. 'പഡ്ഡി' എന്ന പേരിൽ ചലച്ചിത്രരംഗത്ത് അറിയപ്പെട്ടിരുന്ന എ.എം. പത്മനാഭൻ തൽസമയശബ്ദലേഖന സാങ്കേതികതയുടെ ആദ്യകാല ഉപയോക്താവ് ്എന്ന നിലയിലും ശ്രദ്ധേയനാണ്. മണി കൗൾ, ഗോവിന്ദ് നിഹലാനി, രജീന്ദർ സിംഗ് ബേദി എന്നിവരുടെ ചിത്രങ്ങളുടെ ശബ്ദപഥങ്ങൾക്ക് അദ്ദേഹം നിർണായക സംഭാവനകൾ നൽകിയിട്ടുണ്ട്.

സാമൂഹിക അസമത്വങ്ങൾ, ക്രിമിനൽ നീതി വ്യവസ്ഥയുടെ സങ്കീർണതകൾ എന്നീ വിഷയങ്ങളിലൂന്നി മാധ്യമപ്രവർത്തനം നടത്തിയ വീഡിയോ ജേണലിസ്റ്റ് ആയിരുന്ന ശ്രിയങ്കാ റായ്. അവർ സംവിധാനം ചെയ്ത ' സ്വെറ്റ്ഷോപ്പ് ഓഫ് വാൾ സ്ട്രീറ്റ്'  ന്യൂയോർക്ക് നഗരത്തിലെ ഡയറക്ട് സെല്ലിംഗ് ബിസിനസ്സിനെ കുറിച്ചുള്ള അന്വേഷണാത്മക ഹ്രസ്വ ഡോക്യുമെന്ററിയാണ്.
കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യയുടെ കേരള ഘടകവും സംയുക്തമായി നിർമ്മിച്ച 'ചെലവൂർ വേണു, ജീവിതം കാലം' സംവിധാനം ചെയ്തിരിക്കുന്നത് 2020-ലെ ഫോക് ലോർ അക്കാദമി അവാർഡ് നേടിയ ജയൻ മാങ്ങാടാണ്. അരനൂറ്റാണ്ടുകാലം നല്ല ലോകസിനിമയുടെ വാതായനങ്ങൾ തുറന്നിട്ട നിസ്വാർത്ഥനായ ചലച്ചിത്രപ്രവർത്തകനെ അടുത്തറിയാൻ ഈ ഡോക്യുമെന്ററി സഹായിക്കും.

## PRESS RELEASE (23.07.2024)
## IDSFFK to pay homage to four stalwarts of Indian cinema

The 16th International Documentary and Short Film Festival of Kerala (IDSFFK) 2024 will pay homage to four film legends who passed away this year – director and screenwriter Kumar Shahani, film critic and film society activist Chelavoor Venu, award winning filmmaker and video journalist Sriyanka Ray, and sound recordist A M Padmanabhan who worked for numerous mainstream and independent films over the years. The contributions of all these stalwarts have shaped our collective film culture and social awareness.

Kumar Shahani was a master of the film craft, with no medium or genre restricting his journey until his demise in February. A mentor and teacher who was impatiently creative and passionately serene even with his rebellious thoughts, Shahani carved his own niche among the

maestros of the artform. The homage package will screen four of his films. Of these, 'The Glass Pane' (1966) and 'Manmad Passenger' (1967) are his initial works while he was a student at the Film and Television Institute of India (FTII), Pune under Ritwik Ghatak. These early films showcase his strong foundations in the formalist school of thought which later earned him a collaboration with master film director Robert Bresson. In the Odiya documentary 'Bhavantarana' (1991), Shahani explores the life of legendary Odissi dancer Kelucharan Mohapatra. The film won the national film award for best biographical film that year. And lastly, 'Birah bhariyo ghar angan kone' or 'The Bamboo Flute' (2000) uncovers the legacy of the flute as a presence in the cultural history of India and how its music was instrumental in shaping our traditional aesthetics.

As homage to Chelavoor Venu, film critic and stalwart of the film society movement in Kerala, IDSFFK will screen the documentary 'Chelavoor Venu: Jeevitham, Kaalam' made by award-winning director Jayan Mangad. The documentary takes us through the life of Venuvettan, as he was fondly called, and how he introduced the magic of world cinema to the coastal city of Kozhikode. Venu was a presence at every stage of the International Film Festival of Kerala (IFFK) and his Aswini Film Society has left an indelible mark in the cultural fabric of the state.

Sriyanka Ray was an Emmy award winning filmmaker and video journalist who used her career to shed light on pressing social issues such as race inequality and complexities of the criminal justice system. Sriyanka has crafted original character-driven documentaries that give voice to the voiceless and these have earned her eight New York Emmy nominations. IDSFFK will screen her investigative documentary 'The Sweatshop Of Wall Street', which was a finalist at the 2017 South Asian Journalists Association Awards.

The festival will also showcase two films, 'Egaro Mile' (1991) and 'Memories of Milk City' (1991), both directed by Ruchir Joshi, in which A M Padmanabhan, one of India's finest audiographers and sound recordists gave his creative inputs. Known in the film industry as 'Paddy', Padmanabhan was one of the pioneers of sync sound recording in India before its formal reintroduction in the 21st century. His work for filmmakers such as Mani Kaul, Rajinder Singh Bedi, Govind Nihalani and others won him appreciation from his peers. Paddy is one of those few engineers who have worked as location sound recordist, sound designer and a re-recording mixer for feature films. His significant work includes 'Jaane Bhi Do Yaaron' (Kundan Shah, 1983), 'Mati Manas' (Mani Kaul, 1985), 'Before My Eyes' (Mani Kaul,1989) and Khayal Gadha (Kumar Shahani, 1989). 'Egaro Mile' (or Eleven Miles) is a documentation of the music and life of the Bauls, while 'Memories of Milk City' explores the textures and sounds of the city of Ahmedabad which has witnessed one of the worst religious conflicts.

The 16th IDSFFK will be held at the Kairali Sree Nila theatre complex from July 26 to July 31.

**പത്രക്കുറിപ്പ് (23.07.2024)**

ഉദ്ഘാടന ചിത്രം: വർണവിവേചനത്തിന്റെ ദുരിതകാലം പകർത്തിയ 'ഏണസ്റ്റ് കോൾ: ലോസ്റ്റ് ആന്റ് ഫൗണ്ട്'

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2024 ജൂലൈ 26 മുതൽ 31 വരെ സംഘടിപ്പിക്കുന്ന 16ാമത് ഐ.ഡി.എസ്.എഫ്.എഫ്.കെയുടെ ഉദ്ഘാടന ചിത്രമായി വിഖ്യാത സംവിധായകൻ റൗൾ പെക്കിന്റെ 'ഏണസ്റ്റ് കോൾ: ലോസ്റ്റ് ആന്റ് ഫൗണ്ട്' പ്രദർശിപ്പിക്കും. 26ന് വൈകിട്ട് ആറു മണിക്ക് നടക്കുന്ന ഉദ്ഘാടനച്ചടങ്ങിനുശേഷം കൈരളി തിയേറ്ററിലാണ് പ്രദർശനം. ഈ വർഷത്തെ കാൻ മേളയിൽ ഡോക്യുമെന്ററിക്കുള്ള ഗോൾഡൻ ഐ പുരസ്കാരം നേടിയ ചിത്രമാണിത്.

ഹെയ്ത്തി സർക്കാരിൽ സാംസ്കാരിക വകുപ്പ് മന്ത്രിയായിരുന്ന റൗൾ പെക്ക് ആണ് ഡോക്യുമെന്ററിയുടെ രചനയും സംവിധാനവും നിർമ്മാണവും നിർവഹിച്ചിരിക്കുന്നത്. ദക്ഷിണാഫ്രിക്കൻ ഫോട്ടോഗ്രാഫർ ഏണസ്റ്റ് കോളിന്റെ കാഴ്ചപ്പാടിലൂടെ കടുത്ത വർണവിവേചനം നിലനിന്നിരുന്ന കാലത്തിന്റെ അനിശ്ചിതത്വങ്ങളും ആശങ്കകളും അവതരിപ്പിക്കുകയാണ് ഈ ഡോക്യുമെന്ററി. ലോകജനതയുടെ മുന്നിൽ വർണവിവേചനത്തിന്റെ മൃഗീയയാഥാർഥ്യങ്ങൾ ആദ്യമായി വെളിപ്പെടുത്തിയത് ഏണസ്റ്റ് കോളിന്റെ ഫോട്ടോകളായിരുന്നു. 1967ല് തന്റെ ഇരുപത്തിയേഴാമത്തെ വയസ്സിൽ കോൾ പ്രസിദ്ധീകരിച്ച 'ഹൗസ് ഓഫ് ബോണ്ടേജ്' എന്ന പുസ്തകം ആഗോള മനുഷ്യമന$സാക്ഷിയെ അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്നതായിരുന്നു. വംശീയ അനീതികളും വ്യവസ്ഥാപിതമായ അടിച്ചമർത്തലുകളും കൊണ്ടു പൊറുതിമുട്ടിയ കറുത്ത വർഗക്കാരുടെ ദുരിത ജീവിതം അദ്ദേഹം തുറന്നുകാട്ടി. ഈ പുസ്തകം അദ്ദേഹത്തിന്റെ നാടുകടത്തലിന് കാരണമായി. ശിഷ്ടകാലം ന്യൂയോർക്കിലും യൂറോപ്പിലുമായാണ് അദ്ദേഹം ചെലവഴിച്ചത്. 2017 ല് സ്വീഡിഷ് ബാങ്കിൽ നിന്നും കണ്ടെടുത്ത 60,000 നെഗറ്റിവ് ഫിലിമുകളെക്കുറിച്ചും ചിത്രത്തിൽ പ്രതിപാദിക്കുന്നു. സ്വാതന്ത്ര്യത്തിനും അന്തസ്സിനുമായി പൊരുതുന്നവർക്കുവേണ്ടി ശബ്ദിക്കുന്നവയാണ് ഏണസ്റ്റ് കോളിന്റെ ഫോട്ടോകളും വാക്കുകളും.
മനുഷ്യാവകാശ പ്രവർത്തകൻ കൂടിയായ റൗൾ പെക്കിന് 2001 ല് ഹ്യൂമൻ റൈറ്റ്സ് വാച്ച് അസോസിയേഷൻ എറീൻ ഡയമണ്ട് ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നൽകിയിട്ടുണ്ട്. കേരളത്തിലെ ചലച്ചിത്രപ്രേമികൾക്കും അദ്ദേഹം സുപരിചിതനാണ്. 2017ലെ ഐ.എഫ്.എഫ്.കെയിൽ അദ്ദേഹത്തിന്റെ 'ദ യങ് കാൾ മാർക്സ്' എന്ന ചിത്രം പ്രേക്ഷകപ്രശംസ നേടിയിരുന്നു. 2009ലെ 14ാമത് ഐ.എഫ്.എഫ്.കെയിൽ അദ്ദേഹമാണ് അരവിന്ദൻ സ്മാരക പ്രഭാഷണം നടത്തിയത്.

**PRESS RELEASE (23.07.2024)**

## Raoul Peck's documentary to be opening film at IDSFFK

The 16th International Documentary and Short Film Festival of Kerala (IDSFFK) 2024 will open with the French American Documentary 'Ernest Cole: Lost and Found' written, directed and produced by Raoul Peck. A former minister for culture in the government of Haiti, his homeland, Peck brings to life the uncertainties and anxieties of apartheid through the eyes of Ernest Cole, a ground-breaking South African photographer who revealed the brutal realities of racial discrimination through his work.

Cole's seminal work, House of Bondage, published in 1967 when he was just 27, shocked global audiences with its unflinching portrayal of systemic oppression and racial injustice. This courageous act of truth-telling forced Cole into exile, leaving him to spend the remainder of his life in New York and Europe. His powerful images and words continue to resonate with those struggling for freedom and dignity.

A master of writing and weaving a certain character oriented socio-political approach, Raoul Peck explores his shared visions with Cole regarding the inhuman racial history of South Africa's apartheid era. Peck has said he made the film because he could connect to Cole's sense of not belonging in an unequal society and wanted to understand why a well-known black photographer sort of disappeared. The film, which won the  L'Œil d'or, le prix du documentaire (The Golden Eye documentary prize) at the Cannes this year, also delves into the 60,000 negatives of Cole's formerly unknown photos that were discovered in the vaults of a Swedish bank.

Raoul Peck is no stranger to film buffs in Kerala. His film, 'The Young Karl Marx' (2017) was welcomed at the International Film Festival of Kerala (IFFK) 2017 with long cues of enthusiastic audiences. Peck also delivered the prestigious Aravindan Memorial Lecture at the 14th edition of the IFFK in 2009.